# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 31-10-2009 മുതൽ 06-11-2009 വരെ)

## 31,85,500/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു; മൂന്നുപേർ അറസ്റ്റിൽ

വടകര ASP ദുബേഷ്കുമാർ ബഹറയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 7-11-2009 തീയതി ഉച്ചയ്ക്ക് 1.30 മണിയോടുകൂടി വടകര പോലീസുമായി ചേർന്ന് KL 18-E 3977-ാം നമ്പർ സ്വിഫ്റ്റ് കാർ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ 31,85,500/- രൂപയുടെ കുഴൽപ്പണം കണ്ടെടുത്തു. മേൽ നടപടിയ്ക്കായി വാഹനമുൾപ്പടെ നൗഷാദ്, ജാഫർ, അഷറഫ് എന്നിവരെ എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി.

(KKD RL, Vadakara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Bibesh Kumar Bahara, Sri. Azhad SI, PCs 6835, 7685, 8157, HC 6132

## അന്തർ സംസ്ഥാന വാഹനമോഷണ സംഘം അറസ്റ്റിൽ

4-11-2009 തീയതി രാത്രി എട്ടുമണിയോടുകൂടി കൊരട്ടി പോലീസ് ചിറ്റൂർ ഭാഗത്ത് വാഹനപരിശോധന നടത്തിവരവേ സംശായാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട സ്കോർപ്പിയോ കാർ തടഞ്ഞുനിർത്തി വിശദമായി ചോദ്യം ചെയ്തതിൽ ഇവർ അന്തർ സംസ്ഥാന വാഹനമോഷണ/സ്പിരിറ്റ് മാഫിയാ സംഘത്തിലെ കണ്ണികളാണെന്നു തെളിയുകയും ഇവർ സഞ്ചരിച്ചിരുന്ന സ്കോർപ്പിയോ കാർ ഒക്ടോബർ 15-ാം തീയതി കൊരട്ടി മംഗലശ്ശേരിയിലുള്ള പറമ്പിക്കാട്ടിൽ ടോണിയുടെ വീട്ടിൽനിന്നും മോഷണം പോയതാണെന്നും അറിയാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കാറിലുണ്ടായിരുന്ന അനീഷ, അജിത്, സുൾഫിക്കർ എന്നിവരെ അറസ്റ്റു ചെയ്തു.

(Cr.803/09, TCR, Koratty PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Jose CI, Sri. P. Lal kumar, PCs 6305, 4593, 4081

## വിദേശ കറൻസി ഉൾപ്പെടെ ഇന്ത്യൻ രൂപ പിടിച്ചെടുത്തു

കൊല്ലം ഡിസ്ട്രിക്റ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ ജോലിനോക്കുന്ന Gr. ASI ശ്രീ. ബാബു. സി, കൊടുത്ത വിവരത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചൽ പോലീസ് 5-11-2009 തീയതി ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി അഞ്ചൽ കോളേജ് ജംഗ്ഷനിൽ വിദേശ സാധനങ്ങൾ വിൽക്കുന്ന മിഥിൻരാജ്, വേണുഗോപാൽ എന്നിവരുടെ പക്കൽ നിന്നും കണക്കിൽപ്പെടാത്ത 5,37,537/- രൂപയുടെ വിദേശ കറൻസികളും ഇന്ത്യൻ കറൻസിയും പിടിച്ചെടുത്തു. മേൽ നടപടിക്കായി ഇവരെ എൻഫോഴ്സ്മെന്റ് അധികൃതർക്ക് കൈമാറി.

(KLM, Anchal PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Babu. C. Gr. ASI (KLM Dist. SB.) Sri. C. L. Sudeer SI, Sri. CHandran ASI, HC 4592

## 3,28,000/- രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു; യുവാവ് പിടിയിൽ

3-11-2009 തീയതി വൈകുന്നേരം 6 മണിയോടുകൂടി എറണാകുളം നോർത്ത് പറവൂർ CI-യുടെ നേതൃത്വത്തിൽ പോലീസ് വെടിമറ എന്ന സ്ഥലത്ത് വാഹന പരിശോധന നടത്തിവരവേ സംശയാസ്പദമായ രീതിയിൽ കാണപ്പെട്ട ഒരു മോട്ടോർ ബൈക്കിനെ തടഞ്ഞുനിർത്തി വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും ഷെരീഫ് എന്നയാളുടെ പക്കൽനിന്നും 3,28,000/0 രൂപയുടെ കുഴൽപ്പണം പിടിച്ചെടുത്തു. ( Cr. 1496/09, EKM RL, North Parur PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K. C Babukumar CI, Sri. Joy Mathew SI, Sri Jose Thomas ASI, HCs 7230, 7293, 7931

## നിരവധി മോഷണ കേസിലെ പ്രതി പിടിയിൽ

വാഹനമോഷണം ഉൾപ്പെടെ നിരവധി മോഷണകേസുകളിൽ പ്രതിയായ ഒറ്റശേഖരമംഗലം പൂഴനാട് വിഷ്ണുഭവനിൽ താമസിക്കുന്ന തിരുവല്ലം ഉണ്ണിയെ 4-11-2009-ന് പൂഴനാടുനിന്നും വെഞ്ഞാറമ്മൂട് പോലീസ് അറസ്റ്റുചെയ്തു.
(Cr. 649/09, TVM RL, Vanjaramoodu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Rajkumar SI, PCs 9836, 9810, 1449, GHC 2873, DVR PC 2798

## ഓട്ടോയിൽ കറങ്ങി മാല മോഷ്ടിക്കുന്ന സംഘം അറസ്റ്റിൽ

നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഓട്ടോയിൽ കറങ്ങിനടന്ന് മാല പിടിച്ചുപറിക്കുന്ന സംഘത്തിലെ അംഗങ്ങളായ വട്ടപ്പാറ സ്വദേശി രഞ്ജി, പേരൂർക്കട സ്വദേശി അജിത്ത്, കല്ലയം സ്വദേശി അരുൺ എന്നിവരെ 3/11/2009 രാത്രി 8.25 മണിയോടുകൂടി കോട്ടമുക്ക് ഭാഗത്തുനിന്നും ശ്രീകാര്യം പോലീസ് അറസ്റ്റുചെയ്തു.
(Cr.488/09 TVPM C, Sreekaryam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. B. Sasikumar AC, Sri. Sureshkumar CI. Sri. Nasurudeen SI, Sri. Gopakumar ASI

## 930 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

4-11-2009 തീയതി രാത്രി 11.30 മണിയോടുകൂടി നെയ്യാറ്റിൻകര പോലീസ് കിളിയോട് ഭാഗത്ത് വാഹന പരിശോധന നടത്തിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട ക്വാളീസ് കാറിനെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ കന്നാസുകളിൽ ഒളിപ്പിച്ചുവച്ചിരുന്ന 980 ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തു.
(Cr. 820/09, TVM RL, Neyyatinkara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Anilkumar CI

## ചീട്ടുകളി സംഘം അറസ്റ്റിൽ

കൊയിലാണ്ടി പോലീസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 6-11-2009 തീയതി രാത്രി 9 മണിയോടുകൂടി പന്തലായനി റെയിൽവേ സ്റ്റേഷനു സമീപംവച്ച് ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന ഗഫൂർ തുടങ്ങി ഒമ്പതുപേരെ 31,000/- രൂപ സഹിതം അറസ്റ്റുചെയ്തു.
(655/09, KKD RL, Koyilandy PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. T Sajeevan SI, Gr HC 5851, PCs 6567, 6616, 6986, 7270